**POLICE** **KERALA** **DEPARTMENT**

**No. G2-43472/2017/QR**
District Police Office,
Kollam Rural
spklmrl.pol@kerala.gov.in
04742450858
Dated. 02-02-2018

## ലേലപരസ്യം

കൊല്ലം റൂറൽ ജില്ലയിലെ പുനലൂർ സബ് ഡിവിഷൻ പരിധിയിൽ വരുന്ന അച്ചൻകോവിൽ പോലീസ് ഔട്ട് പോസ്റ്റിനു സമീപത്തുള്ള പഴയ 4 ക്വാർട്ടേഴ്സ് കെട്ടിടങ്ങൾ 22.02.2018 ന രാവിലെ 11 മണിക്ക് ഔട്ട് പോസ്റ്റ് പരിസരത്ത് വച്ച് പരസ്യമായി ലേലം ചെയ്തു പൊളിച്ചു നീക്കുന്നതിനു തീരുമാനിച്ചിരിക്കുന്നു.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല സ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും, ലേലം തുടങ്ങുന്നതിനു ഒരു മണിക്കൂർ മുൻപായി നിരത ദ്രവ്യമായി 3500/- രൂപ ( മൂവായിരത്തി അഞ്ഞൂറ് രൂപ മാത്രം ) കെട്ടി വച്ച് ലേലത്തിൽ പങ്കു കൊള്ളേണ്ടതുമാണ് .കൂടാതെ സീൽ ചെയ്ത ദർഘാസുകൾ നേരിട്ടോ തപാൽ മാർഗമോ നിശ്ചിത നിരത ദ്രവ്യമായ സംഖ്യ കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ പേരിൽ അടച്ച ഡിമാൻഡ് ഡ്രാഫ്റ്റ് സഹിതം 21.02.2018 ന വൈകിട്ട് 3 മണിക്ക് മുൻപ് പുനലൂർ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് മുൻപാകെ സമർപ്പിക്കേണ്ടതാണ്. ദർഘാസ് അടങ്ങിയ കവറിനു പുറത്ത് " **പോലീസ് ഡിപ്പാർട്ട്മെൻറ് വക അച്ചൻകോവിൽ ക്വാർട്ടേഴ്സ് കെട്ടിടം ലേലം ചെയ്തു വാങ്ങുന്നതിനുള്ള ദർഘാസ്** " എന്നു വ്യക്തമായി എഴുതേണ്ടതാണ്. ദർഘാസ് സമർപ്പിച്ചിട്ടുള്ളവരെല്ലാം ലേല സമയത്ത് നേരിട്ട് ഹാജരാകേണ്ടതാണ് .

പരസ്യ ലേലം കഴിഞ്ഞാൽ ഉടൻ ദർഘാസ് അടങ്ങിയ കവറുകൾ തുറക്കുന്നതും കൂടിയ തുകയ്ക്ക് ലേലം കൊണ്ടയാൾക്ക് ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തി നൽകുന്നതും ആണ് .ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തിയ വ്യക്തി ലേല തുകയുടെ പകുതി ( നികുതിയുൾപ്പെടെ ) ലേല സ്ഥലത്ത് വച്ച് തന്നെ അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തിയതായുള്ള അറിയിപ്പ് ലഭിച്ചു കഴിഞ്ഞാൽ പത്തു ദിവസത്തിനകം മുഴുവൻ തുകയും അടച്ച് ലേലം കൈകൊണ്ടയാൾ എത്രയും പെട്ടന്നു തന്നെ സ്വന്തം ചെലവിൽ കെട്ടിടങ്ങൾ പൊളിച്ചു നീക്കം ചെയ്യേണ്ടതാണ് .

ഏതെങ്കിലും കാരണവശാൽ ലേലം സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും ടി കെട്ടിടങ്ങൾ പുനർ ലേലം ചെയ്യുന്നതും ആയിരിക്കും . പുനർ ലേലത്തിൽ സർക്കാരിനുണ്ടായ നഷ്ടം മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും മറിച്ച് കൂടുതലായി ലഭിക്കുന്ന തുകയ്ക്ക് മുൻ ലേലക്കാരന് യാതൊരു വിധ അവകാശമോ അർഹതയോ ഉണ്ടായിരിക്കുന്നതുമല്ല .

ലേലം നിശ്ചയിച്ചിരിക്കുന്ന കെട്ടിടങ്ങൾ ലേല തീയതിക്ക് മുൻപുള്ള പ്രവർത്തി ദിനങ്ങളിൽ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് പുനലൂരിൻറെ അനുമതിയോട് കൂടി പരിശോധിക്കാവുന്നതാണ് .യാതൊരു മുന്നറിയിപ്പോ കാരണമോ കൂടാതെ ലേലം നിർത്തി വയ്ക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനും ലേല നടപടിക്രമങ്ങൾ റദ്ദ് ചെയ്യുന്നതിനുമുള്ള അധികാരം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്. ലേലം സംബന്ധിച്ച എല്ലാ സർക്കാർ വ്യവസ്ഥകളും ലേലത്തിന് ബാധകമായിരിക്കും.

B Asokan IPS
District Police Chief

To : കൊല്ലം റൂറൽ ജില്ലയിലെ എല്ലാ ഓഫീസർമാർക്കും വേണ്ടതു പ്രചാരണത്തിനായി .പബ്ലിക് റിലേഷൻ ഓഫീസർ കൊല്ലം ജില്ല വേണ്ടതു പ്രചാരണത്തിനായി . കാഷ്യർ ഡി പി ഒ - നിരതദ്രവ്യം സ്വീകരിക്കുന്നതിനായി .

G2-43472/2017/QR

832d3d

Copy To : പോലീസ് ഡയറക്ടർ ജനറൽ എസ് സി ആർ ബി ക്ക് വെബ് സൈറ്റിൽ പ്രചാരണത്തിനായി നൽകുന്നു . എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും കമാണ്ടാന്മാർക്കും പ്രചാരണത്തിനായി . സംസ്ഥാന പോലീസ് മേധാവി , എ ഡി ജി പി സൗത്ത് സോൺ , ഐ ജി പി തിരുവനന്തപുരം റേഞ്ച് അറിവിലേക്കായി ഡി സി / എ സി എ ആർ കൊല്ലം , എ എ , എ ഒ , മാനേജർ ഡി പി ഒ കൊല്ലം റൂറൽ ലൈസൺ ഓഫീസർ പരസ്യത്തിനായി .

Internal Administrative Processing System
iAPS
KERALA POLICE